ഒരു നർമ്മ ഗീതം

# ഫൊക്കാനയോട്

സുധീർ പണിക്കവീട്ടിൽ



ഫൊക്കാനക്കിന്നിപ്പോൾ പാപ്പാന്മാർ ഒത്തവർ
ഒത്തിരി പേരുണ്ടു നല്ല കാര്യം
നെറ്റിയിൽ പട്ടവും മൗലിയിൽ കോലവും
ചുറ്റുമകമ്പടിക്കാളുകളും
കൊടിയേറ്റം തൊട്ടു നടയടക്കുംവരെ
കോലാഹലം തന്നെ ചുറ്റുപാടും

അച്ചായന്മാരവരെത്തുന്നു കീശയിൽ
കുത്തി നിറച്ച പണവുമായി
ജാതിമത ഭേദമില്ലാതെ ഏവരും
കണ്ടാൽ ചിരിക്കുന്ന പുണ്യസ്ഥാനം
ആമോദത്തോടെ മലയാളികൾക്കെല്ലാം
ഒത്തു ചേരാനൊരു ആനപ്പുറം

പിന്നാലെ പോന്നോളാൻ കണ്ണാലെ കാണിച്ച്
മുമ്പെ ഗമിക്കും നതാംഗിമാരും
ഒന്നു വിലസാനവസരം പാർത്തെത്തും
ടീനേജുകാരുടെ പഞ്ചാരിയും
ഇതു തന്നെ തരമെന്നു കരുതി തങ്ങീടുന്ന
ഇവിടെ വരുന്ന വിരുന്നുകാരും

അന്തസ്സ് കാട്ടാനൊരുമ്പെട്ടു നിൽക്കുന്നു
നാല് ദിവസങ്ങൾ പൂർണമായി
സെറ്റായി പെണ്ണുങ്ങൾ സെറ്റു മുണ്ടും ചുറ്റി
താലവുമേന്തി വരുന്ന ദ്രുശ്യം
ഉൾകണ്ണാൽ കണ്ടാ- മനപായസത്തിൻെറ
മധുരം നുണഞ്ഞെത്തും ചേട്ടന്മാരും.

പാപ്പാന്മാർ പ്രതിവർഷം കൂടുന്നുണ്ടെങ്കിലും
പാവമാണാനക്ക് കൊട്ടിലില്ല
പല പല ദേവന്മാർ വാഴുന്ന കോവിലിൻ
മുമ്പിലീയാനക്കെഴുന്നള്ളത്തു

കോമരം തുള്ളി പറയുന്നു രണ്ടാണ്ടു –
കൂടുമ്പോൾ കൂട്ടേണ്ട ചട്ടവട്ടം
ഏതൊരു ജന്മിക്ക് സ്വന്തമാണീയാന
തട്ടകം മാറ്റുന്നു; വേല തോറും

കവിയിവൻ കേട്ടുയീ പൂരത്തിൽ കുത്തി–
ക്കുറിക്കുന്നവർക്കുണ്ടു സമ്മാനങ്ങൾ
നമ്പ്യാരെ** ധ്യാനിച്ചീകവിയും കൈകൂപ്പുന്നു
സമ്മാനം ഇക്കുറി –അടിയനാണെ!

**ദീപസ്തംഭം മഹാശ്ചര്യം എനിക്കും കിട്ടണം പണം